# ഇത് വി.എസ് പക്ഷത്തിന്റെ അവസാനമോ?



ചോരയും ജീവിതവും നൽകിയ പ്രസ്ഥാനത്തോട്, 'എന്താണ് തന്റെ പിഴയെന്ന്' ചോദിക്കേണ്ടി വരുന്ന ഗതികേടിലാണ് ഇന്ന് വി.എസ് അച്യുതാനന്ദൻ. വിമർശകർ ചോദിക്കും, ഇന്ന് സി.പി.എം എന്ന കേഡർ സംഘടനയിൽ വിഭാഗിയതയ്ക്ക് തുടക്കമിട്ടവരിൽ ഒരാൾ വി.എസ് തന്നെയല്ലേ എന്ന്. ശരിയായിരിക്കാം. ഗ്രൂപ്പിസത്തിന് രൂപവും ഭാവവും നൽകിയവരിൽ പ്രധാനി വി.എസ് തന്നെയായിരിക്കാം. പക്ഷെ ഇന്ന് അദ്ദേഹത്തിനെ ഒറ്റപ്പെടുത്തി സ്വന്തം സംഘടന ആക്രമിക്കുന്നത് കാണുമ്പോൾ, കേരളത്തിൽ പോയ ഒരു കാലഘട്ടം മുഴുവൻ വി.എസ് ഉയർത്തിയ സമരങ്ങളിൽ ആവേശം കൊണ്ട ജനത തീർച്ചയായും സംശയങ്ങളുന്നയിച്ചേക്കാം. ഈ സംശയങ്ങൾക്ക് മറുപടി പറയാനുള്ള കരുത്ത് സി.പി.എമ്മിന് ഉണ്ടാവുമോ എന്നാണ് ഇനി കണ്ടറിയേണ്ടത്.

ഈ പാർട്ടി സമ്മേളനത്തോടെ വി.എസിനെ പൂർണ്ണമായി ഒതുക്കുക എന്ന അജണ്ട ഏറെ നാളുകൾക്ക് മുമ്പേ ഔദ്യോഗിക പക്ഷം കൈക്കൊണ്ടിരുന്നു എന്നത് പാർട്ടി ജില്ലാ സമ്മേളനങ്ങളിൽ തന്നെ വ്യക്തമായിരുന്നു. വി.എസ് പക്ഷത്ത് നിൽക്കുന്നു എന്ന പറയാൻ ഇപ്പോൾ എറണാകുളം ജില്ലാകമ്മറ്റി മാത്രമാണ് ഉള്ളത്. വി.എസിനൊപ്പം ഉറച്ചു നിന്നിരുന്ന പത്തനംതിട്ട, വയനാട് ജില്ലാകമ്മറ്റികളെ ആസുത്രീതമായി ഒതുക്കികൊണ്ടാണ് ഔദ്യോഗിക പക്ഷം വി.എസ് ഗ്രൂപ്പിന് അന്ത്യം കുറിച്ചത്. വി.എസിന് അല്പം സ്വാധീനമുള്ള എറണാകുളം ജില്ലാകമ്മിറ്റി അംഗങ്ങൾക്കാവട്ടെ ഇപ്പോൾ സമ്മേളനത്തിൽ തികഞ്ഞ അവഗണനയുമാണ് നേരിടേണ്ടി വരുന്നത്. ഇത്തരത്തിൽ വി.എസിനെ നിഷ്പ്രഭമാക്കിയതനു ശേഷമാണ് സമ്മേളന റിപ്പോർട്ട് എന്ന പേരിൽ വി.എസിനെതിരെയുള്ള അവസാന കുറ്റപത്രം ഔദ്യോഗിക പക്ഷം അവതരിപ്പിച്ചത്. ഈ കുറ്റപത്രത്തെ എതിർക്കാൻ ഇപ്പോൾ ശേഷിക്കുന്നതാവട്ടെ പോളിറ്റ് ബ്യൂറോയുടെ സഹായം തേടുന്ന വി.എസ് മാത്രവും.

ആരോപണങ്ങൾക്ക് മുമ്പിൽ ശക്തമായ ഒരു പ്രതിരോധത്തിന് കഴിയാതെ പോളിറ്റ് ബ്യൂറോയുടെ ഇടപെടലിന് കാത്തുനിൽക്കേണ്ടി വരുന്ന വി.എസിനെ കാണുമ്പോൾ ഇത് വി.എസ് പക്ഷത്തിന്റെ അവസാനമാണോ എന്ന സംശയം സ്വാഭാവികമായും തോന്നാം. ലാവ്‌ലിൻ കേസിൽ പാർട്ടിയെയും പാർട്ടി സെക്രട്ടറിയെയും പ്രതിക്കൂട്ടിലാക്കുന്ന നിലപാട് സ്വീകരിച്ചു എന്നതാണ് വി.എസിനെതിരെ ഔദ്യോഗിക പക്ഷം ഉന്നയിക്കുന്ന ശക്തമായ ഒരു ആരോപണം. അതുപോലെ തന്നെ പലഘട്ടങ്ങളിലും വി.എസ് പാർട്ടിയെ അനുസരിക്കാതെ സ്വന്തം നിലയ്ക്ക് അഭിപ്രായ പ്രകടനങ്ങളും വിമർശനങ്ങളും നടത്തിപ്പോന്നു എന്ന് സമ്മേളന റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. വി.എസിന്റെ ജനകീയത മാധ്യമങ്ങൾ പെരുപ്പിച്ചു കാട്ടുകയാണ് എന്നായിരുന്നു റിപ്പോർട്ടിൻ മേലുള്ള ചർച്ചയിൽ പ്രതിനിധികളിൽ ഭൂരിപക്ഷവും അഭിപ്രായപ്പെട്ടത്. ഏറ്റവും അവസാനം തനിക്കെതിരെ ആരോപണങ്ങൾ വന്നപ്പോൾ വി.എസ് രാജിവെക്കുമെന്ന് പ്രഖ്യാപിച്ചത് സ്വന്തം ഇമേജ് വർദ്ധിപ്പിക്കാനാണെന്നും പാർട്ടി ആരോപിക്കുന്നു. യു.ഡി.എഫിനെ സഹായിക്കുന്ന നിലപാടുകൾ വി.എസ് പലപ്പോഴും സ്വീകരിച്ചുവെന്നു പോലും സമ്മേളന റിപ്പോർട്ടുകളിലും തുടർ ചർച്ചകളിലും അഭിപ്രായം പരാമർശങ്ങളുണ്ട്.

പാർട്ടിയുടെ സമുന്നതനായ ഒരു നേതാവിനെതിരെ പാർട്ടിക്കുള്ളിൽ നിന്നും ഇത്രയും കടുത്ത വിമർശനങ്ങൾ നേരിടേണ്ടി വരുന്നത് ഇത് ഒരുപക്ഷെ ആദ്യമായിട്ടായിരിക്കും. സി.പി.എമ്മിനെ ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടില്ലാത്ത രാഷ്ട്രീയ തന്ത്രമായിരുന്നു വി.എസിനെതിരെയുള്ള കുറ്റപത്രമായി മാറിയ സമ്മേളന റിപ്പോർട്ട് മാധ്യമങ്ങൾക്ക് ചോർത്തി നൽകുക എന്നത്. എല്ലാ രീതിയിലും വി.എസിനെ തളർത്തുക എന്നതായിരുന്നു ഈ നീക്കത്തിന് പിന്നിൽ. എല്ലാകാലത്തലും പാർട്ടിക്ക് മേൽ തന്റെ അഭിപ്രായങ്ങൾക്ക് മേൽക്കൈ നേടാൻ വി.എസ് ഉപയോഗിച്ച തന്ത്രമായിരുന്നു മാധ്യമങ്ങളുടെ സഹായ ഹസ്തം. പാർട്ടിക്കുള്ളിലെ പല അസ്വാരസ്യങ്ങളും മറനീക്കി പുറത്തു വന്നത് മാധ്യമങ്ങൾക്ക് മുമ്പിലെ വി.എസിന്റെ പ്രസ്താവനകളിലൂടെയായിരുന്നു. ഇന്ന് ഇതേ തന്ത്രം വി.എസിനെതിരെ തിരിച്ചു പ്രയോഗിച്ചിരിക്കുകയാണ് ഔദ്യോഗിക പക്ഷം. സമ്മേളന റിപ്പോർട്ടിലെ വസ്തുതകൾ മാധ്യമങ്ങൾക്ക് ചോർത്തി നൽകിയത് ആരാണെന്ന് അന്വേഷണം വി.എസ് ആവിശ്യപ്പെട്ടിരിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

ഇപ്പോൾ സമ്മേളന റിപ്പോർട്ടിൽ വി.എസിനെതിരെ പരാമർശിക്കുന്ന വിഷയങ്ങൾ പലപ്പോഴായി പാർട്ടിയുടെ സംസ്ഥാനകമ്മറ്റിയിൽ ഉയർന്നു വന്നിട്ടുള്ള പഴയ പരാമർശങ്ങൾ തന്നെ. ഇക്കാര്യം ചൂണ്ടിക്കാട്ടി വി.എസ് പോളിറ്റ്ബ്യൂറോയ്ക്ക് കത്തു നൽകിയിരുന്നു. വി.എസിനെതിരെയുള്ള പരാമർശങ്ങളുള്ള സമ്മേളന റിപ്പോർട്ടിലെ ഭാഗങ്ങൾ ഭാഗീകമായി മരവിപ്പിക്കാൻ പോളിറ്റ്ബ്യൂറോയെ പ്രേരിപ്പിച്ചത് വി.എസിന്റെ പരാതി തന്നെയാണ്. മാത്രമല്ല വി.എസ് ജനകീയ നേതാവാണെന്ന് ഓർമ്മിപ്പിക്കാനും പ്രകാശ് കാരട്ട് മറന്നില്ല. ഇത് വി.എസിന്റെ വിജയമായി കരുതുന്നവരും കുറവല്ല. പക്ഷെ ഇപ്പോൾ വി.എസിന് ആശ്വാസമായ പി.ബി ഏതളവുവരെ വി.എസിനെ സംരക്ഷിക്കുമെന്നറിയാൻ പാർട്ടി സമ്മേളനം പൂർത്തിയാവണം. കാരണം ജനമധ്യത്തിൽ വി.എസ് പ്രതിക്കൂട്ടിലാക്കുന്നതോടെ പാർട്ടിക്ക് നഷ്ടപ്പെടാവുന്ന പിന്തുണ പോവാതെ നോക്കാനുള്ള തന്ത്രമായും പോളിറ്റ് ബ്യൂറോയുടെ സമ്മേളന റിപ്പോർട്ട് വിമർശനത്തെ കാണാവുന്നതാണ്. അതിനും അപ്പുറത്തേക്ക് വി.എസിന് പോളിറ്റ്ബ്യൂറോയിൽ നിന്ന് എന്തെങ്കിലും സഹായം ലഭിക്കുമെന്ന് വി.എസ് പക്ഷത്ത് ശേഷിക്കുന്നവർക്ക് പോലും ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രതീക്ഷിക്കുന്നില്ല.

പക്ഷെ അവസാന ആശ്രയമെന്ന പോലെ വി.എസ് പി.ബി സമീപിക്കുമെന്ന് ധാരണയുണ്ടായിരുന്നതിനാൽ പാർട്ടിയുടെ കേന്ദ്രനേതൃത്വത്തെയും മുന്നേകൂട്ടി വെട്ടിൽ വീഴ്ത്താൻ ശ്രമിച്ചിട്ടുണ്ട് സംസ്ഥാന നേതൃത്വം. വി.എസിനോടുള്ള പോളിറ്റ്ബ്യൂറോയുടെ നിസംഗ നിലപാടാണ് കേരളത്തിൽ പാർട്ടിക്കുള്ളിൽ വിഭാഗീയത വളർത്തിയതെന്നാണ് പൊതുചർച്ചയിൽ ഉയർന്നു വന്ന പ്രധാന ആരോപണത്തെ അത്രവേഗം തള്ളിക്കളയാനാവില്ല. അതായത് കേന്ദ്രനേതൃത്വത്തിനെതിരെ

തന്ത്രപരമായ ഒരു ആരോപണം ഉന്നയിച്ചിരിക്കുകയാണിവിടെ. കേന്ദ്രനേതൃത്വം കേരളത്തിലെ സാഹചര്യങ്ങളെ വ്യക്തമായി മനസിലാക്കാതെയാണ് വി.എസ് അനുകൂല നിലപാടുകൾ പലപ്പോഴും സ്വീകരിച്ചതെന്നാണ് ഈ ആരോപണങ്ങളുടെ അടിസ്ഥാനം. ഔദ്യോഗിക പക്ഷത്തിന്റെ കോട്ടയായ കണ്ണൂരിൽ നിന്നും പിന്നെ കോട്ടയത്തു നിന്നുമുള്ള പ്രതിനിധികളാണ് ഈ ആരോപണം ഉന്നയിച്ചിരിക്കുന്നത്. ഇനിയുമൊരിക്കൽ കൂടി വി.എസ് അനൂകൂല നീലപാട് പോളിറ്റ് ബ്യൂറോ സ്വീകരിക്കാതിരിക്കാൻ വേണ്ടി ഒരുമുഴം മുമ്പേ എറിയുക എന്ന തന്ത്രമാണ് ഈ ആരോപണങ്ങൾക്ക് പിന്നിൽ. ഇതോടെ വീണ്ടും വി.എസിനെ സഹായിക്കാനുള്ള താത്പര്യത്തിൽ നിന്നും പോളിറ്റ്ബ്യൂറോയിലെ വി.എസ് അനുകൂല നേതാക്കൾ പിൻമാറുമെന്നാണ് ഔദ്യോഗിക പക്ഷത്തിന്റെ കണക്കുകൂട്ടൽ. ഔദ്യോഗിക പക്ഷത്തിന്റെ ഈ തന്ത്രം മുൻകൂട്ടി കാണാനോ പ്രതിരോധിക്കാനോ വി.എസിന് കഴിഞ്ഞതുമില്ല. കേന്ദ്രനേതൃത്വത്തിനെതിരെ ഒരു സംസ്ഥാന സമ്മേളനത്തിൽ പ്രാദേശികമായ വികാരം ഉയരുകയാണെങ്കിൽ അത് പാർട്ടി ഗൗരവമായി നോക്കി കാണും എന്നത് ഉറപ്പാണ്. അപ്പോൾ ഇനി പോളിറ്റ് ബ്യൂറോയും കേന്ദ്രനേതാക്കളും വരും ദിവസങ്ങളിൽ എത്രത്തോളം വി.എസ് അനുകൂല നിലപാട് സ്വീകരിക്കുമെന്ന് കാത്തിരുന്ന് കാണണം.

കഴിഞ്ഞ രണ്ടു തിരഞ്ഞെടുപ്പുകളിലും വി.എസിനെ ഒതുക്കാൻ ഔദ്യോഗിക പക്ഷം ശ്രമിച്ചപ്പോഴും പോളിറ്റ് ബ്യൂറോയെ വരുതിയിലാക്കി ലക്ഷ്യം കണ്ട തന്ത്രശാലിയാണ് വി.എസ്. എന്നാൽ ഇത്തവണ വി.എസിന്റെ പ്രതിരോധങ്ങൾ ലക്ഷ്യം കാണുമോ എന്നാണ് കേരളം ഇപ്പോൾ ഉറ്റുനോക്കുന്നത്. ഇനിയൊരു പക്ഷെ പോളിറ്റ്ബ്യൂറോയുടെ സഹായത്തോടെ പാർട്ടി ഉന്നത നേതൃത്വത്തിൽ തുടരാൻ കഴിഞ്ഞാൽ തന്നെ സി.പി.എമ്മിൽ വി.എസ് പക്ഷം എന്നൊരു ഗ്രൂപ്പ് ഇനി ശേഷിക്കില്ല എന്നു തന്നെയാണ് പാർട്ടികേന്ദ്രങ്ങൾ കരുതുന്നത്.